ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ചോദ്യങ്ങൾക്ക് സഭയിൽ മറുപടി നൽകുമ്പോൾ പൂർണ്ണമായും വിവരങ്ങൾ ഫയലിൽ കിട്ടിയില്ലെങ്കിൽ വിവരം ശേഖരിച്ചു വരുന്നുവെന്നേ പറയാൻ പറ്റുകയുള്ളൂ. അതിന്റെ അർത്ഥം, ഡിപ്പാർട്ട്മെന്റിൽ നടക്കുന്ന കാര്യങ്ങൾ മന്ത്രിക്ക് അറിയില്ല അല്ലെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥർക്ക് അറിയില്ല എന്നു പറയുന്നതു തെറ്റാണ്. അങ്ങനെ മാത്രമേ മറുപടി പറയാൻ പറ്റൂ. വേണമെങ്കിൽ മറ്റ് മന്ത്രിമാരോടു ചോദിച്ചു നോക്കുക. പണ്ട് മന്ത്രിമാരായിരുന്നവർ അപ്പുറത്തുണ്ടല്ലോ, അവരോടു ചോദിച്ചു നോക്കിയാൽ മതി. വിവരം ശേഖരിച്ചു വരുന്നുവെന്ന് ഏതെങ്കിലുമൊരു ഉപചോദ്യത്തിനു മറുപടി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ ഡീറ്റെയിൽസ് മുഴുവൻ gather ചെയ്തിട്ട് ബഹുമാനപ്പെട്ട മെമ്പർക്ക് അയച്ചുകൊടുക്കും. അതാണ് നടപടിക്രമം ഇത് high light ചെയ്ത് ഇവിടെ പറഞ്ഞതുകൊണ്ടു മാത്രം ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ.

കേരളത്തിൽ 430-ഓളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. ഞാൻ അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. ധാരാളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുള്ള ഒരു പ്രദേശമാണ് എറണാകുളം ജില്ല. 135-136 സ്കീമുകൾ അവിടെ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പമ്പ് സെറ്റുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ 25 വർഷം മുതൽ 50 വർഷം വരെ കാലപ്പഴക്കമുള്ള മോട്ടോർ പമ്പുകളുണ്ട്. ഇതിനൊക്കെ റിപ്പയർ എപ്പോഴും ആവശ്യമായി വരുന്നുണ്ട്. 2003 ഫെബ്രുവരി വരെയുള്ള കുടിശ്ശികകളാണ് കൊടുത്തുതീർത്തത്. അതിനുശേഷമുള്ള കുടിശ്ശികകളുണ്ട്. ഞാൻ ഇന്നലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിച്ച് മോട്ടോർ നന്നാക്കുന്നതിനും പണിയെടുത്തതിന്റേയും മെക്കാനിക്കൽ മറ്റുമുള്ള കാര്യങ്ങൾക്കും ഇതുവരെ ചെലവായ തുക റിലീസ് ചെയ്യാനുള്ള ഏർപ്പാട് ചെയ്തുകഴിഞ്ഞു. മിക്കവാറും ഇന്ന് അതിന്റെ എൽ. സി. ഇഷ്യൂ ചെയ്യുമെന്നാണ് എനിക്കു ലഭിച്ച വിവരം. അപ്പോൾ ആ പ്രശ്നത്തിനു പരിഹാരമാകും. അപ്പോൾ കരാറുകാർ നിർമ്മാണ രംഗത്തേയ്ക്കു വരും. അതിലുപരിയായി ശ്രീ. സാജുപോൾ പറഞ്ഞതുപോലെ എറണാകുളം ജില്ലയിലേയും തൃശൂർ ജില്ലയിലേയും പല എം. എൽ. എ.-മാരും എന്റെയടുത്തു വന്ന് ഇക്കാര്യങ്ങൾ സംബന്ധിച്ച് സംസാരിച്ചു. 6-ാം തീയതിക്കുശേഷം ഇതിനുവേണ്ടി ഒരു കോൺഫറൻസ് നടത്തും. അതിൽ എം. എൽ. എ.-മാരെക്കൂടി വിളിച്ചിട്ടുണ്ട്. ആ കോൺഫറൻസിൽ വച്ച് ഈ വിഷയങ്ങളെല്ലാം ഡീറ്റെയിൽഡായി ചർച്ച ചെയ്ത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്

(5) വനിതാ കോൺസ്റ്റബിൾമാരുടെ നിയമനം

ശ്രീ. കെ. കെ. ഷാജു: സർ, സംസ്ഥാനത്തെ വിവിധ ബറ്റാലിയനുകളിൽ വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുന്നതു സംബന്ധിച്ചാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. ഈ ലിസ്റ്റ് നിലവിൽ വന്നത്

LIBRARY ARCHIVES Kerala Legislative Assembly

30-12-2000-ലാണ്. 31-3-04-ൽ അതിന്റെ കാലാവധി തീരുകയാണ്. ഇനിയും ഈ ലിസ്റ്റിൽ ഏതാണ്ട് 2400 പേർ കൂടി അവശേഷിക്കുന്നുണ്ട്. കെ. എ. പി. 4/5 കോട്ടയം, ഇടുക്കി തുടങ്ങിയ ബറ്റാലിയനുകളിൽ എടുത്തതുതന്നെ ആനുപാതിക മായിട്ടല്ല. വളരെ കുറച്ച് ആളുകളെ മാത്രമേ ഇതിനകത്തുനിന്ന് എടുത്തിട്ടുള്ളൂ. ഈ ലിസ്റ്റിലുള്ള ആളുകളെ പൂർണ്ണമായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പോലീസ് സേനയുടെ അംഗസംഖ്യയുടെ 10 ശതമാനം വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പ്രത്യേകം താല്പര്യമെടുത്ത് ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതു പരിഗണിച്ച് റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ആളുകളേയും അടിയന്തിരമായി നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണം. മറ്റ് റാങ്ക്ലിസ്റ്റുകളിൽ നിന്നും വ്യത്യസ്തമായിട്ട് കായികക്ഷമതാ പരീക്ഷകൂടി കഴിഞ്ഞ് കടന്നു വന്നവരാണ് ഈ റാങ്ക് ലിസ്റ്റിലുള്ളവർ. ഇപ്പോൾ പി. എസ്. സി. പുതിയ ലിസ്റ്റിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻ നടത്തിയിരിക്കുകയാണ്. നിലവിലുള്ള ലിസ്റ്റിലെ ആളുകൾ ഈ പുതിയ നോട്ടിഫിക്കേഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ ആശങ്കയിലാണ്. അതുകൊണ്ട് അവരുടെ ആശങ്ക ദൂരീകരിക്കുകയും മനുഷ്യത്വപരമായ സമീപനം അവരുടെ പേരിൽ സ്വീകരിക്കുകയും ചെയ്ത് ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും നിയമനം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വനിതാ പോലീസിന്റെ അംഗസംഖ്യ ജില്ലാ പോലീസിന്റെ അംഗസംഖ്യയുടെ 10 ശതമാനമായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2003 വർഷത്തിൽ മാത്രം 1173 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആ ഒഴിവുകളിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മാത്രമല്ല ഇനിയും വനിതാ പോലീസിന്റെ എണ്ണം കൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുമുണ്ട്.

(6) കാസർഗോഡ് ജില്ലാ ആശുപത്രിയിലെ പ്രശ്നങ്ങൾ

ശ്രീ. എം. കുമാരൻ: സർ, കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് ആവശ്യമായ പോസ്റ്റ്ക്രിയേഷൻ നടത്തണമെന്നും പുതിയ കെട്ടിടത്തിലേക്ക് ജില്ലാ ആശുപത്രി മാറ്റുന്ന സമയത്ത് ഇന്നു നിലവിലുള്ള കെട്ടിടം കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയായി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly